## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 17 — 10.12.2012-ൽ മറുപടിക്ക്

### സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) 2012 നവംബർ 1 മുതൽ സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (ബി) ടി നിയമത്തിന് ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ടി നിയമം മൂന്നാം വകുപ്പ് പ്രകാരം ഈ നിയമത്തിന്റെ പ്രാരംഭം മുതൽ 6 മാസത്തിനകം ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പുതലവന്മാരും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. 23.11.2012-ലെ 21145/ എ.ആർ. 12 (i)/12/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം, ടി നിയമപ്രകാരം അടിയന്തരമായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ